# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അങ്കമാലി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(ബിപി)933/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 06/12/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അങ്കമാലി ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ,എറണാകുളം
3. കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(ബിപി)933/2020 തീയ്യതി: 06/12/2021

## എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 14-07-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനിമോൾ കെ ജി | ജോയിന്റ് ഡയറക്ടർ | 15-07-2020 | 23-07-2020 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-07-2020 | 23-07-2020 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1. ശ്രീ എം എസ് ഗോപകുമാർ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
2. ശ്രീമതി സെറീന പി എ),സീനിയർ ഗ്രേഡ് ഓഡിറ്റർ,
3. ശ്രീ സന്തോഷ്കുമാർ എം,ഓഡിറ്റർ(ഹ.ഗ്രേ)
4. ശ്രീ രഞ്ജിത്ത് പി ആർ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പി ടി പോൾ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ അജയ് എ ജെ | സെക്രട്ടറി | 01-04-2019 | 03-08-2019 |
| ശ്രീമതി പ്രസന്നകുമാരി പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-08-2019 | 15-09-2019 |
| ശ്രീ അജയ് എ ജെ | സെക്രട്ടറി | 16-09-2019 | 12-01-2020 |
| ശ്രീമതി പ്രസന്നകുമാരി പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-01-2020 | 23-02-2020 |
| ശ്രീ അജയ് എ ജെ | സെക്രട്ടറി | 24-02-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഫിലിപ്പ് വർഗീസ് | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2019 | 08-07-2019 |
| ശ്രീമതി ശ്രീലേഖ ബി എം | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 09-07-2019 | 31-03-2020 |
| ശ്രീമതി ധന്യ എം ജനാർദ്ദനൻ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 01-04-2019 | 24-07-2019 |
| ശ്രീ ജോർജ്ജ് ജോസഫ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 25-07-2019 | 31-03-2020 |
| ശ്രീമതി ശ്രീജ ജി എസ് | അസി.എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീ ഷാജി ഡി | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ പുഷ്പ വി വി | മെഡിക്കൽ ഓഫീസർ(സി എച്ച് സി,കാലടി) | 01-04-2019 | 31-03-2020 |
| ശ്രീമതി അനു മുരളി | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 30-06-2019 |
| ശ്രീമതി ഷഫീന | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-07-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി ശ്യാമള പി എം | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ, അഡീഷണൽ | 01-04-2019 | 31-05-2019 |
| ശ്രീമതി സായാഹ്ന കെ ജെ | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ, അഡീഷണൽ | 01-06-2019 | 31-03-2020 |
| ശ്രീമതി ഇന്ദിര പി എസ് | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | 01-04-2019 | 31-05-2019 |
| ശ്രീമതി ദേവി എൻ | ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | 01-06-2019 | 31-03-2020 |

.

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 1-5 |
| 6 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 1-11 |
| 12 | ഓഡിറ്റ് ഇംപാക്ട്<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 1-12 |
| 13 | കേരളോത്സവം-മുൻകൂർ നൽകിയ തുക ചെലവിൽ ഉൾപ്പെടുത്തിയില്ല.<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 1-13 |
| 14 | ഇറിഗേഷൻ വകുപ്പിന് നൽകിയ അധിക തുക തിരികെ ഈടാക്കിയില്ല- 3,68,700/-തടസ്സപ്പെടുത്തുന്നു.<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 1-14 |
| 15 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.ചെലവ് തുകയായ 1,39,56,179/രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 1-15 |
| 16 | കരാറുകാരന് നൽകിയ തുകയിൽ നിന്നും ടിഡിഎസ് കുറവ് ചെയ്തില്ല.<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 1-16 |

| | | |
|---|---|---|
| 17 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിട്ടോറിയസ് സ്കോളർഷിപ്പ്- വിദ്യാർത്ഥികളുടെ ലിസ്റ്റിന് ഗ്രാമസഭാ അംഗീകാരം ഇല്ല<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 1-17 |
| 18 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടിലെ അപാകതകൾ<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 1-18 |
| 19 | സി എച്ച് സി -യിലെ ജനറേറ്റർ-പ്രവർത്തനം - ലോഗ് ബുക്ക് ഹാജരാക്കിയില്ല - 20,872/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 1-19 |
| 20 | ഐ.എ.വൈ. ഭവനപദ്ധതി വായ്പ- വായ്പാ തുക തിരിച്ചടവ്- സത്വര നടപടി സ്വീകരിക്കണം<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 1-20 |
| 21 | 10% ൽ അധികം ടെൻഡർ കുറവ് വരുന്ന മരാമത്ത് പ്രവൃത്തികളിൽ അഡീഷണൽ പെർഫോമൻസ് ഗാരന്റി ഈടാക്കേണ്ടതാണ്.<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 1-21 |
| 22 | ചെറുചാൽ പുഞ്ച എൽ.ഐ സ്കീം- പുനരുദ്ധാരണം- പദ്ധതി പൂർത്തീകരണം വൈകുന്നു.<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 1-22 |
| 23 | പൊതുകെട്ടിടങ്ങളുടെ നിർമ്മാണം /പൊതു ആസ്തികളുടെ പരിപാലനം - പ്രൊജക്ട് ലക്ഷ്യം കൈവരിക്കുന്നില്ല.<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 1-23 |
| | **ഭാഗം 2** | |
| 1 | പരാമർശങ്ങൾ ഇല്ല.<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 2-1 |
| | **ഭാഗം 3** | |
| 1 | പരാമർശങ്ങൾ ഇല്ല<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 4-4 |
| 5 | | 4-5 |

| | | |
|---|---|---|
| | വായ്പ / വായ്പാ തിരിച്ചടവ്<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M.S.Gopakumar (Asst. Audit Officer)<br>Last Updated By: M.S.Gopakumar (Asst. Audit Officer, On 05-12-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

16/02/2019-ാം തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 23/03/2020 ാം തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 29.05.2020 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,12,98,834 |
| വരവ് | 4,62,70,237 |
| ആകെ | 6,75,69,071 |
| ചെലവ് | 6,34,30,427 |
| നീക്കിയിരിപ്പ് | 41,38,644 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 37398000 | 37398000 | 25824707 | 11573293 (Lapsed) |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 12388000 | 12388000 | 9827899 | 2560101 (Lapsed) |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 423000 | 423000 | 300000 | 123000 (Lapsed) |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 0 | 0 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 4891000 | 4891000 | 3295947 | 1595053 (Lapsed) |
| സംസ്ഥാനാവിഷ്കൃതഫണ്ട് Miscelleneous A/C (SBIബാങ്ക് ) ***** | 1778258 | 16300032 | 18078290 | 17250235 | 828055 |
| ഇ.ഡി.സി.ബി - ലോൺ അക്കൗണ്ട് | 16000 | 0 | 16000 | 0 | 16000 |
| ദേനാ ബാങ്ക് MKSP | 16316 | 511 | 16827 | 0 | 16827 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 24194 | 321 | 24515 | 24515 | 0 |

| | | | | | |
|---|---|---|---|---|---|
| IAY Admin<br>(ദേനാ ബാങ്ക്) | | | | | |
| TSC (കാനറ ബാങ്ക്) | 2286462 | 75561 | 2362023 | 1281495 | 1080528 |
| IAY (യു.ബി.ഐ ബാങ്ക്) | 2554091 | 142366 | 2696457 | 2696457 | 0 |
| IAY-GP-DP (UCO ബാങ്ക് ) | 11409336 | 345652 | 11754988 | 11754988 | 0 |
| സ്പെഷ്യൽ TSB A/C – IAY DP<br>(സംയുക്തപ്രൊജക്ടുകൾ) | 196000 | 0 | 196000 | 196000 | 0 |
| ട്രഷറി ടി.എസ്.ബി<br>ജനറൽ പർപ്പസ് ഫണ്ട് | 3018177 | 4493000 | 7511177 | 5313943 | 2197234 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 95 | 63936817 | 84 | 42152956 | 8 | 3 | 89% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1) ബ്ലോക്ക് പഞ്ചായത്തിലേക്ക് കമ്പ്യൂട്ടറും, അനുബന്ധ ഉപകരണങ്ങളും വാങ്ങൽ

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1555 | 998111 | 999666 | 949821 | 49845 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 0 | 0 | 0 | 0 |
| | 1555 | 998111 | 999666 | 949821 | 49845 |

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ്-ചെലവ് കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ധനകാര്യപ്പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-07-2020 ന് ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ ക്യാഷ് നീക്കിയിരുപ്പ് 9584/- രൂപ പരിശോധിച്ച് ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1.മുൻകൂർ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.ആയതിനാൽ ഉദ്യോഗസ്ഥർക്കോ, നിർവ്വഹണ ഏജൻസികൾക്കോ പ്രൊജക്ട് നിർവ്വഹണത്തിനോ, മറ്റ് ഭരണച്ചെലവുകൾക്കോ മുൻകൂർ നല്കിയത് ചട്ടപ്രകാരം തിരികെ ഈടാക്കുന്നുണ്ടോ എന്നത് നിരീക്ഷിക്കാൻ കഴിയുന്നില്ല.

2. പർച്ചേയ്സ് കമ്മിറ്റി കൂടുകയോ, പ്രൊജക്ടുകളുടെ ഭാഗമായ വാങ്ങലുകൾ പർച്ചേയ്സ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കപ്പെടുകയോ ചെയ്യുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02.05.2019 | 2018-19 | 06.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.03.2014 | 2010-11 മുതൽ 2012-13 വരെ | 28.05.2014 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകളിലെ അപാകതകൾ അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.

## 1-12 ഓഡിറ്റ് ഇംപാക്ട്

**A. കാലിബാരലിന്റെ വില – 11,480/- രൂപ ഈടാക്കി അടച്ചു.**

അങ്കമാലി ബ്ലോക്ക് പഞ്ചായത്തിൽ 2019-20 വർഷം നടപ്പാക്കിയ താഴെപ്പറയുന്ന 2 പ്രൊജക്ടുകളുടെ എസ്റ്റിമേറ്റിൽ VG-30, RS1, SS1- പാക്ക്ഡ് ബിറ്റുമിൻ ഉപയോഗിച്ചിട്ടുള്ള ബിറ്റുമെൻ പ്രവൃത്തിയാണ് അംഗീകരിച്ചിട്ടുള്ളത്. ഇതിനുള്ള നിരക്ക് എസ്റ്റിമേറ്റ് പ്രകാരം കരാറുകാർക്ക് അനുവദിച്ചിട്ടുമുണ്ട്. ആയതിനാൽ ബിറ്റുമെൻ ഉപയോഗിച്ചുള്ള പ്രവൃത്തി ചെയ്യുമ്പോൾ അതിൽ ഉപയോഗിച്ചുകഴിഞ്ഞ ബിറ്റുമെന്റെ കാലി ബാരലിന്റെ നികുതി ഉൾപ്പെടെയുള്ള വില കരാറുകാരന്റെ ഫൈനൽ ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്. ഈ പ്രൊജക്ടുകളിൽ ഫൈനൽ ബില്ലിൽ നിന്ന് കാലി വീപ്പയുടെ വില കുറവു ചെയ്തിരുന്നില്ല.

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് എൻക്വയറികൾ (നം.4, തീ.21.7.2020 & നം.12, തീ.22.7.2020) നല്കിയതിന്റെ അടിസ്ഥാനത്തിൽ കാലിബാരലിന്റെ വില ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് നിർവ്വഹണോദ്യോഗസ്ഥയായ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എൻജിനീയർ ഈടാക്കി ട്രഷറിയിൽ അടച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| പ്രൊജക്ടിന്റെ പേര് /നമ്പർ | കരാറുകാരന്റെ പേര് | കാലി ബാരലിന്റെ എണ്ണം | കാലി ബാരലിന്റെ നിരക്ക് + 18 % GST | ഈടാക്കിയ തുക | അടവിന്റെ വിശദാംശങ്ങൾ |
|---|---|---|---|---|---|
| പള്ളിയങ്ങാടി-കറുകുറ്റി പാടം റോഡ് ടാറിംഗ് കറുകുറ്റി ഗ്രാമപഞ്ചായത്ത്- എസ് 089/20 | ബൈജു ബേബി | 12 ബാരൽ | 12 X 238= 2856 + 504 =3360 | 3360/- | ട്രഷറി ചലാൻ നം. KL005114034202021M Dtd. 22/07/2020 |
| കോഴിക്കാടൻ പടി- വെണ്മണ റോഡ് ടാറിംഗ് കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് - എസ് 085/20 | ടിജോ വർഗ്ഗീസ് | 29 ബാരൽ | 29 X 238= 6902+1218 =8120 | 8120/- | ട്രഷറി ചലാൻ നം. KL005209306202021M Dtd. 23/07/2020 |
| | | | ആകെ | 11,480/- | |

**B. ക്ഷീരകർഷകർക്കുള്ള സബ്സിഡി- അധികമായി നല്കിയ 12,624/- രൂപ തിരികെ അടച്ചു.**

| | |
|---|---|
| പ്രോജക്ട് നമ്പർ | S001/2020 |
| പ്രോജക്ടിന്റെ പേര് | ക്ഷീരസംഘങ്ങൾ മുഖേനയുള്ള പാൽവില സബ്സിഡി വിതരണം |
| അടങ്കൽ | 32,50,000/- |
| ചെലവ് | 32,50,000/- |

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിൽ ഗുണഭോക്താവിന് നൽകാവുന്ന പരമാവധി തുക 40000/- രൂപയായി നിജപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ താഴെ പറയുന്ന വ്യക്തികൾക്ക് പദ്ധതിപ്രകാരം നൽകാവുന്ന തുകയേക്കാൾ കൂടുതൽ തുക നൽകിയിരുന്നു.

**1.** ശ്രീമൂലനഗരം കെ.യു.സി.എസ് -ൽ പാൽ അളക്കുന്ന ശ്രീ.പി.കെ. ബാബുവിന് (ആധാർ 578107675209) , ട്രഷറി ബിൽ നം.11/19-20 ( Gross- 155641/- Dtd. 11/03/2020) പ്രകാരം 36309/- രൂപയും, ട്രഷറി ബിൽ നം.17/19-20 ( Gross- 49200/- Dtd. 12/03/2020) പ്രകാരം 6731/- രൂപയും ചേർത്ത് ആകെ 43040/- രൂപ നൽകിയിട്ടുണ്ട്.

**അധികം നൽകിയ തുക – 3040/-**

**2.** കൊറ്റമം കെ.യു.സി.എസ് ൽ പാൽ അളക്കുന്ന ശ്രീമതി മിഷ ജോയ് അവൊക്കാരന് (ആധാർ 848538425317) ട്രഷറി ബിൽ നം.06/19-20 ( Gross- 492007/- Dtd. 18/01/2020) പ്രകാരം 40000/- രൂപയും ട്രഷറി ബിൽ നം.15/19-20 ( Gross- 48222/- Dtd. 12/03/2020) പ്രകാരം 9584/- രൂപയും ചേർത്ത് ആകെ 49584/- രൂപ നൽകിയിട്ടുണ്ട്.

**അധികം നൽകിയ തുക – 9584/-**

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/തീ.21.7.2020) നൽകിയ മറുപടിയിൽ ആയിരത്തിനടുത്ത് ഗുണഭോക്താക്കൾ വരുന്ന പദ്ധതിയായതിനാൽ കൃത്യാന്തരബാഹുല്യം മൂലം സംഭവിച്ച ക്ലറിക്കൽ തെറ്റാണെന്ന് നിർവഹണോദ്യോഗസ്ഥയായ അങ്കമാലി ക്ഷീരവികസന ഓഫീസർ വിശദീകരണം നൽകുകയും അധികമായി കൈപ്പറ്റിയ തുക ഗുണഭോക്താക്കളായ ശ്രീമതി. മിഷ ജോയ് അവൊക്കാരൻ രശീത് നം.120010100009 Dtd 22/07/2020 പ്രകാരവും ശ്രീ പി.കെ. ബാബു രശീത് നം.120010100010 Dtd 23/07/2020 പ്രകാരവും അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുകയും ആയത് പരിശോധിച്ച് ബോധ്യപ്പെടുകയും ചെയ്തു. ഈ തുകകൾ ട്രഷറി ചെലാൻ മുഖേന കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടുമുണ്ട്.

## <u>1-13 കേരളോത്സവം-മുൻകൂർ നൽകിയ തുക ചെലവിൽ ഉൾപ്പെടുത്തിയില്ല.</u>

ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം S0009/20, കേരളോത്സവം എന്ന പ്രോജക്റ്റിനായി തനതു ഫണ്ട് വൗച്ചർ നം108/19-20 തീ 20.11.19 ചെക്ക് നം 6063225 പ്രകാരം75,000/- രൂപ ചെലവഴിച്ചതായി കാണുന്നു. പദ്ധതി ചെലവ് റിപ്പോർട്ട് പ്രകാരം ഈ പ്രോജക്റ്റിനായി ചെലവ് രേഖപ്പെടുത്തിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 10/തീ.22.7.20 -ന് പദ്ധതി നടത്തിപ്പിന് 1,18,558/ രൂപയാണ് ചെലവഴിച്ചിട്ടുള്ളത് എന്നും, യുവജനക്ഷേമ ബോർഡിന്റെ വിഹിതമായ 60,000/-രൂപ 2020 ജൂൺ മാസത്തിലാണ് ലഭിച്ചത് എന്നതുകൊണ്ടുമാണ് ബിൽ തീർപ്പാക്കാൻ വൈകിയത് എന്നും, ഈ പദ്ധതിക്കായി 2020-21 വർഷം സ്പിൽഓവർ പ്രോജക്റ്റായി പ്രോജക്റ്റ് നം. 131/21 - ന് അംഗീകാരം നേടിയിട്ടുള്ളതാണ് എന്നും അറിയിച്ചു.
2019-20 വർഷത്തെ കേരളോത്സവം 23-11-2019 ൽ നടത്തി തുക ചെലവഴിച്ചിട്ടുള്ളതിനാൽ, യുവജനക്ഷേമ ബോർഡിന്റെ വിഹിതം ലഭിക്കാൻ വൈകി എന്നതുകൊണ്ടാണ് ബിൽ തീർപ്പാക്കാൻ വൈകിയത് എന്ന മറുപടി അംഗീകരിക്കാനാകില്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-14 ഇറിഗേഷൻ വകുപ്പിന് നൽകിയ അധിക തുക തിരികെ ഈടാക്കിയില്ല- 3,68,700/- തടസ്സപ്പെടുത്തുന്നു.</u>

ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നം. S0028/20, "കാഞ്ഞൂർ പള്ളിക്കടവ് എൽ. ഐ എക്സ്റ്റൻഷനുവേണ്ടി മോട്ടോർ സ്ഥാപിക്കുന്നതിന് ഇറിഗേഷൻ വകുപ്പിന് തുക കൈമാറൽ" എന്ന പ്രോജക്റ്റിനായി മുൻവർഷ പദ്ധതിയുടെ തുടർച്ചയായി 2019-20-ൽ വികസന ഫണ്ടിൽ നിന്നും ട്രഷറി ബിൽ നം. 9/19-20 തീ 17.9.19 പ്രകാരം-7,00,000/- രൂപ ഇറിഗേഷൻ വകുപ്പിന് കൈമാറിയിട്ടുള്ളതായി കാണുന്നു. 2018-19ൽ ട്രഷറി ബിൽ നം. 9/19-20 തീ 17.9.19 പ്രകാരം-7,50,000/- രൂപയും ഈ പദ്ധതിയ്ക്കായി ഇറിഗേഷൻ വകുപ്പിന് കൈമാറിയിട്ടുള്ളതാണ്.
ഇറിഗേഷൻ വകുപ്പിന്റെ എ 4-879/16തീയതി 28.11.2019 നം. കത്തു പ്രകാരം പദ്ധതി നടത്തിപ്പിനായി ടെൻഡർ ക്ഷണിച്ചതു പ്രകാരം കരാറുകാരന് 9,83,000/- രൂപ മാത്രമേ നൽകേണ്ടതുള്ളു എന്നറിയിച്ചിട്ടുണ്ട്. കേരള പി.ഡബ്ല്യു.ഡി. മാന്വൽ 1601.4 ഖണ്ഡികയിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾക്ക് 12.5% സെന്റേജ് ചാർജ്ജിന് പകരം 10% സെന്റേജ് ചാർജ്ജ് മാത്രമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നല്കേണ്ടതുള്ളൂ. ആയതിനാൽ ഇറിഗേഷൻ വകുപ്പിന് ആകെ കൈമാറിയിട്ടുള്ള 14,50,000/-രൂപയിൽ കരാറുകാരന് നൽകേണ്ട തുകയായ 9,83,000/- രൂപയും, 10% സെന്റേജ് ഫീസായ 98,300/- രൂപയും കുറച്ച് ബാക്കി തുകയായ 3,68,700/- രൂപ തിരികെ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം 8/തീ.22.7.2020-ന് തുക തിരികെ ലഭ്യമാക്കുന്നതിന് ഇറിഗേഷൻ വകുപ്പിന് കത്ത് നൽകുന്നതാണ് എന്നറിയിച്ചു. പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതും, ഇറിഗേഷൻ വകുപ്പിൽ നിന്നും 3,68,700/ രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കി അറിയിക്കേണ്ടതുമാണ്.

ആയതുവരേക്ക് 3,68,700/- രൂപ തടസ്സപ്പെടുത്തുന്നു.

## <u>1-15 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.ചെലവ് തുകയായ 1,39,56,179/രൂപ തടസ്സപ്പെടുത്തുന്നു.</u>

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റുകൾക്കായി വിവിധ ഏജൻസികൾക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം. 11/22.7.2020-ന്, വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണ് എന്നറിയിച്ചു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് നമ്പരും, പ്രോജക്റ്റിന്റെ പേരും | മുൻകൂർ നല്കിയ തുക | ബിൽ നമ്പർ, തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | S0008/20, ഇൻഫർമേഷൻ കേരള മിഷന് വിഹിതം നൽകൽ | 50209 | 36/19-20,<br>18.01.20 |
| 2 | S00012/20,<br>ലൈഫ് ഭവന നിർമ്മാണ പദ്ധതി(ജനറൽ) | 7508370 | 10/19-20, 20.7.19,<br>950000/-മഞ്ഞപ്ര ഗ്രാമപഞ്ചായത്ത്<br>11/19-20, 20.7.19,<br>950000/-മഞ്ഞപ്ര ഗ്രാമപഞ്ചായത്ത്<br>12/19-20, 20.7.19,<br>590000/- അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്<br>13/19-20, 20.7.19,<br>600000/- തുറവൂർ ഗ്രാമപഞ്ചായത്ത്<br>14/19-20, 20.7.19,<br>900000/-തുറവൂർ ഗ്രാമപഞ്ചായത്ത്<br>15/19-20, 20.7.19,<br>900000/- തുറവൂർ ഗ്രാമപഞ്ചായത്ത്<br>16/19-20, 20.7.19,<br>548000/- കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്<br>17/19-20, 20.7.19,<br>685000/- കറുകുറ്റി ഗ്രാമപഞ്ചായത്ത്<br>18/19-20, 20.7.19,<br>929000/- മലയാറ്റൂർ ഗ്രാമപഞ്ചായത്ത്<br>47/19-20, 31.3.20,<br>456370/- കറുകുറ്റി ഗ്രാമപഞ്ചായത്ത് |
| 3 | S0018/20, അയ്യമ്പുഴ ഗ്രാമ പഞ്ചായത്തിലേക്ക് ശ്മശാനത്തിനായി തുക കൈമാറൽ | 1320800 | 33/19-20, 22.1.20 , 340800/-<br>34/19-20, 22.1.20, 490000/-<br>35/19-20, 22.1.20, 490000/- |
| 4 | S0019/20,മൂക്കന്നൂർ ഗ്രാമ പഞ്ചായത്തിലേക്ക് ശങ്കരൻകുഴി ജെറിയാട്രിക സെന്റർ നിർമ്മാണം, തുക കൈമാറൽ | 500000 | 20/19-20, 7.9.19 |
| 5 | S0022/20,കറുകുറ്റി ഗ്രാമ പഞ്ചായത്തിൽ നാഷണൽ ഹൈവേയിൽ നിന്നും ചാത്തക്കുളം ലിങ്ക് റോഡ് നിർമ്മാണം തുക കൈമാറൽ | 500000 | 19/19-20, 7.9.19 |
| 6 | S0023/20,ലൈഫ് ഭവന നിർമ്മാണ പദ്ധതി (എസ് സി പി) | 2436800 | 32/19-20, 22.1.20,<br>460000/- അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്<br>39/19-20, 13.2.20,<br>1600000/- തുറവൂർ ഗ്രാമപഞ്ചായത്ത്<br>44/19-20, 2.3.20,<br>376800/- അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് |
| 7 | S0028/20, കാഞ്ഞൂർ പള്ളിക്കടവ് ശങ്കരൻകുഴി ജെറിയാട്രിക് സെന്റർ നിർമ്മാണം, ഇറിഗേഷൻ വകുപ്പിന് തുക കൈമാറൽ | 700000 | 9/19-20, 17.9.19 |
| 8 | S0110/20 കറുകുറ്റി ഗ്രാമ പഞ്ചായത്തിലെ ബഡ്സ് സ്കൂളിന്റെ മെയിന്റനൻസിനായി വിഹിതം നൽകൽ, | 440000 | 21/19-20, 7.9.19 |
| 9 | S0124/20,പാണ്ടറ കോളനി കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷനവേണ്ടി കേരള വാട്ടർ അതോറിറ്റിയ്ക്ക് തുക കൈമാറൽ | 500000 | 31/20, 18.1.20 |
| | ആകെ | 1,39,56,179 | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുകയായ 1,39,56,179/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-16 കരാറുകാരന് നൽകിയ തുകയിൽ നിന്നും ടിഡിഎസ് കുറവ് ചെയ്തില്ല.

പ്രോജക്ട് നമ്പർ. S0064/20 പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേക്ക് വാഹന സൗകര്യം ഏർപ്പെടുത്തുന്നതിനായി ശ്രീ. ലിജോയ് എ. സി. എന്നയാളുമായി കരാറിൽ ഏർപ്പെടുകയും, തനതു ഫണ്ടിൽ നിന്നും 1,14,699/- ചെലവായിട്ടുള്ളതുമാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം | ചെക്ക് നം | തുക |
|---|---|---|---|
| 1 | 42/19-20/18.7.19 | 2386555 | 8551 |
| 2 | 60/19-20/19.8.19 | 2386574 | 16150 |
| 3 | 70/19-20/04.9.19 | 2386585 | 12002 |
| 4 | 85/19-20/09.10.19 | 6063201 | 7786 |
| 5 | 95/19-20/06.11.19 | 6063212 | 13124 |
| 6 | 119/19-20/12.12.19 | 6063237 | 20961 |
| 7 | 135/19-20/18.1.19 | 6063254 | 13787 |
| 8 | 153/19-20/7.2.19 | 6063273 | 9877 |
| 9 | 171/19-20/18.7.19 | 6063293 | 12461 |
| | | ആകെ | 1,14,699 |

ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 -C പ്രകാരം കരാറുകാരനു നൽകിയ തുകയുടെ 1% TDS ഇനത്തിൽ കുറവ് ചെയ്തിട്ടില്ല. ഈ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.6/തീ.21.07.20-ന് മറുപടി നൽകിയിട്ടില്ല. കരാറുകാരന് നൽകിയ തുകയായ 1,14,699/-രൂപയുടെ 1% -ആയ 1,147/-രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിൽ അടവാക്കി അറിയിക്കേണ്ടതാണ്.

## 1-17 പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിട്ടോറിയസ് സ്കോളർഷിപ്പ്- വിദ്യാർത്ഥികളുടെ ലിസ്റ്റിന് ഗ്രാമസഭാ അംഗീകാരം ഇല്ല

പ്രൊജക്ട് നം.- S137/20

അടങ്കൽ - 9,16,498/-(എസ്.സി.പി.ഫണ്ട്)

ചെലവ്- **7,80,000/-**

ജില്ലാ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രോജക്ട് പട്ടികജാതി വിദ്യാർത്ഥികൾക്ക് മെരിട്ടോറിയസ് സ്കോളർഷിപ്പ് നൽകുന്നതിനാണ് നടപ്പിലാക്കിയിട്ടുള്ളത് . സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 22/2018/ ത.സ്വ.ഭ.വ തീയതി.14.02.2018 പ്രകാരം സംസ്ഥാന സർക്കാരോ,കേന്ദ്ര സർക്കാരോ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേക്കും യോഗ്യത നേടി പഠനം നടത്തിവരുന്ന എല്ലാ വിദ്യാർത്ഥികൾക്കും,സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധിവരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും സ്കോളർഷിപ്പ് നൽകാവുന്നതാണ്. പ്രസ്തുത ലിസ്റ്റിന് ഗ്രാമസഭാ അംഗീകാരം ലഭ്യമാക്കേണ്ടതാണ്.
എറണാകുളം ജില്ലാ പഞ്ചായത്ത് ജില്ലാ പട്ടികജാതി വികസന ഓഫീസർ മുഖേന നടപ്പിലാക്കുന്നതിനായി വിജയഭേരി എന്ന പേരിൽ സ്കോളർഷിപ്പിനായി അപേക്ഷ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പട്ടികജാതി വികസന ആഫീസിൽ ലഭിച്ച അപേക്ഷകളിൽ ഫണ്ടിന്റെ അപര്യാപ്തതമൂലം 52 അപേക്ഷകൾ അങ്കമാലി ബ്ളോക്ക് പഞ്ചായത്ത് പട്ടികജാതി വികസന ഓഫീസർക്ക് അയച്ചു നൽകിയതിൽ നിന്നാണ് അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്ടിൽ ഉൾപ്പെടുത്തി 37 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയത്. ഫയൽ പരിശോധിച്ചതിൽ പ്രസ്തുത ലിസ്റ്റിന് ഗ്രാമസഭ സാധൂകരണം ലഭ്യമായതിന്റെ രേഖകൾ ലഭ്യമല്ല. ആയതിനാൽ 2019-20 ൽ മെരിട്ടോറിയസ് സ്കോളർഷിപ്പ് നല്കിയ വിദ്യാർത്ഥികളുടെ ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം നേടേണ്ടതാണ്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ സബ്സിഡി മാർഗ്ഗരേഖയിലെ മാനദണ്ഡങ്ങൾ പാലിച്ചുമാത്രം നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടിലെ അപാകതകൾ

1. മരുന്ന് ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം. | S004/20 |
| പ്രോജക്ടിന്റെപേര് | സി.എച്ച്.സി.യിലേക്ക് മരുന്നും, റീയേജന്റും വാങ്ങൽ |
| അടങ്കൽ | 13,41,037/- |
| <u>ചെലവ് വിവരം</u><br>വികസന ഫണ്ട്<br>മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)<br>തനത് ഫണ്ട് | 3,37,935<br>7,98,832<br><u>2,04,270</u> (ചെക്ക് നം.6063220/തീ.16.11.19)<br>13,41,037/- |
| ചെലവ് | 1.ബിൽനം.4/19-20 തുക-497102/-തിയതി 29.07.19<br>2.ബിൽ നം.14/19-20 തുക98628/- തിയതി-11.11.19<br>3ബിൽനം.28/19-20 തുക-8039/- തിയതി-06.03.19<br>4ബിൽനം.44/19-20 തുക-195063/- തിയതി-27.03.20<br>5ബിൽനം.23/19-20 തുക-245786/- തിയതി-12.02.20<br>6ബിൽനം.29/19-20 തുക-54214/- തിയതി-31.03.20<br>7ബിൽനം.40/19-20 തുക<u>-37935/-</u> തിയതി-27.03.20<br>1136767/- |

മേൽ പ്രോജക്ടിൽ ബിൽ നം. 4/19-20 പ്രകാരം മാറിയ 4,97,102/-രൂപയിൽ 3,00,000/-രൂപ 28.07.2019 ൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് മരുന്ന വാങ്ങാനായി നൽകിയിട്ടുണ്ട്.എന്നാൽ 243417/-രൂപയുടെ മരുന്ന മാത്രമേ ലഭ്യമായിട്ടുള്ളൂ.ബാക്കി 56,583/-രൂപയുടെ മരുന്ന് ലഭിക്കാനുണ്ട്. ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല. മരുന്ന ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2.മരുന്ന് ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം. | S120/20 |
| പ്രോജക്ടിന്റെപേര് | ക്യാൻസർ വിമുക്ത എറണാകുളം |
| അടങ്കൽ | 2,00,000/- |
| വികസന ഫണ്ട്<br>തനത് ഫണ്ട് | 50,000/-<br>1,50,000/- |
| ചെലവ് | 1.എസ്.റ്റി.ബി.എസ്. ചെക്ക് നം.197140 തിയതി 30.03.2020<br>തുക .147514/-<br>2.എസ്.റ്റി.ബി.എസ്.ചെക്ക് നം.1947141തിയതി-31.03.2020<br>തുക. 2486/- |

മേൽ പ്രോജക്ടിൽ തനത് ഫണ്ട് വിഹിതമായ 1,50,000/-രൂപ 18.03.2020ലെ ഇൻവോയിസ് പ്രകാരം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് മരുന്ന വാങ്ങാൻ നൽകിയതിൽ 1,16,772/-രൂപയുടെ മരുന്നേ നാളിതുവരെ ലഭ്യമായിട്ടുള്ളൂ. ബാക്കി 33,228/- രൂപയുടെ മരുന്ന് ലഭിക്കാനുണ്ട്.ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14, തീ.23.7.20) മറുപടി ലഭ്യമായിട്ടില്ല. മരുന്ന ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3.മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി മരുന്ന വാങ്ങി.

| | |
|---|---|
| പ്രോജക്ട് നം. | S007/20 |
| പ്രോജക്ടിന്റെപേര് | സി.എച്ച്.സി.മുഖേന പാലിയേറ്റീവ് കെയർ &ഹോംകെയർ |
| അടങ്കൽ | 12,50,000/- |
| വികസന ഫണ്ട് | 12,50,000/- |
| ചെലവ് | 1.ബിൽനം.3/19-20 തുക-331159/- തിയതി-23.07.19<br>2.ബിൽ നം.5/19-20 തുക357695/-തിയതി-22.08.19<br>3ബിൽനം.6/19-20 തുക-42670/-തിയതി-22.08.19 |

| | |
|---|---|
| | 4ബിൽനം.10/19-20 തുക-144182/-തിയതി-16.10.19<br>5ബിൽനം.16/19-20 തുക-119796/-തിയതി-31.12.19<br>6ബിൽനം.26/19-20 തുക-97292/-തിയതി-31.03.20<br>7ബിൽനം.33/19-20 തുക-46498/-തിയതി-18.03.20<br>8ബിൽനം.34/19-20 തുക-32035/-തിയതി-27.03.20<br>9.ബിൽനം.37/19-20 തുക-37061/-തിയതി-27.03.20<br>10.ബിൽനം.39/19-20 തുക-41612/-തിയതി-27.03.20<br>1293000/- |

മേൽ പ്രോജക്ടിൽ ബിൽ നം 37/19-20 പ്രകാരം മാറിയ 37,061/-രൂപയിൽ വൗച്ചർ നം.543/19പ്രകാരം 7628/-രൂപയ്ക്ക് മോർഫിൻ സൾഫേറ്റ് ടാബ്‌ളറ്റ് ലിസി ഹോസ്പിറ്റൽ ഫാർമസ്യൂട്ടിക്കൽസിൽ നിന്ന് വാങ്ങിയിരിക്കുന്നു. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)22/2018/ ത.സ്വ.ഭ.വ തീയതി. 14.02.2018 ഖണ്ഡിക 7.5.4 പ്രകാരം മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ടുമാസം കഴിഞ്ഞിട്ടും മരുന്നു ലഭ്യമാകാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ട ഹോസ്പിറ്റൽ മാനേജ്മെൻറ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനത്തിന് കാരുണ്യ/ജൻ/ഔഷധി മെഡിക്കൽ സ്റ്റോറിൽ നിന്നും അടിയന്തിര സാഹചര്യം മറികടക്കാൻ വേണ്ടിമാത്രം മരുന്ന് വാങ്ങാവുന്നതാണ്. എന്നാൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ലിസി ഹോസ്പിറ്റൽ ഫാർമസ്യൂട്ടിക്കലിൽ നിന്ന് മരുന്നു വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായിട്ടില്ല. പ്രത്യേക സാഹചര്യത്തിൽ മറ്റു സ്ഥാപനങ്ങളിൽ നിന്ന് മരുന്നു വാങ്ങേണ്ടി വരുമ്പോൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് (NAC) വാങ്ങി സൂക്ഷിക്കേണ്ടതാണ്.

## 1-19 സി എച്ച് സി -യിലെ ജനറേറ്റർ-പ്രവർത്തനം - ലോഗ് ബുക്ക് ഹാജരാക്കിയില്ല - 20,872/- രൂപ തടസ്സപ്പെടുത്തുന്നു.

തനതു ഫണ്ട് വൗച്ചർ നം. 14/19-20 തീ 24.5.19 (ചെക്ക് നം. 2386524) പ്രകാരം 1,96,895/- രൂപ ചെലവഴിച്ചിട്ടുള്ളതിൽ സി എച്ച് സി -യിൽ ജനറേറ്റർ പ്രവർത്തിക്കുന്നതിനായി വിവിധ ബില്ലുകളിലായി 20,872/- രൂപ ചെലവഴിച്ചിട്ടുള്ളതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട് ജനറേറ്റർ പ്രവർത്തിപ്പിച്ചതിന്റെ വിശദാംശങ്ങളും ലോഗ്ബുക്കും എത്രയും വേഗം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ് എന്നറിയിച്ചുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണകുറിപ്പ് നം. 17/തീ.23.7.20-ന് മറുപടി ലഭ്യമാക്കിയില്ല. 2019-20 വർഷം സി. എച്ച്. സി. -യിൽ ജനറേറ്റർ പ്രവർത്തിക്കുന്നതിനായി ചെലവഴിച്ച തുകകളുടെ വിശദാംശങ്ങളും പ്രവർത്തന സമയവും ഡീസൽ ഉപയോഗവും രേഖപ്പെടുത്തിയ ലോഗ്ബുക്കും ഹാജരാക്കുന്നതുവരെ 20,872/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-20 ഐ.എ.വൈ. ഭവനപദ്ധതി വായ്പ- വായ്പാ തുക തിരിച്ചടവ്- സത്വര നടപടി സ്വീകരിക്കണം

അങ്കമാലി ബ്ലോക്ക് പഞ്ചായത്തിൽ ഐ.എ.വൈ. ഭവനപദ്ധതി നടപ്പാക്കുന്നതിനായി 68,80,000/- രൂപ എറണാകുളം ജില്ലാ സഹകരണബാങ്കിൽ നിന്ന് വായ്പ എടുത്തിരുന്നു. ഇത് EDCB Ankamaly ബ്രാഞ്ചിലെ ലോൺ അക്കൗണ്ടിൽ നിക്ഷേപിച്ച് അതിൽനിന്നാണ് ഗുണഭോക്താക്കൾക്ക് നല്കിയിരുന്നത്. ഈ വായ്പ തുകയിൽ 16,000/- രൂപ ( 1000/- രൂപ പ്രാരംഭ നിക്ഷേപം + 15,000/- രൂപ വായ്പ തുക ബാക്കി) നീക്കിയിരുപ്പുള്ളതായി 31.03.2020 -ലെ ബാലൻസ് ഷീറ്റിൽ B-4 ഷെഡ്യൂളിലും. B-17 ഷെഡ്യൂളിലും കാണിച്ചിട്ടുണ്ട്.

വായ്പ തുകയിൽ 2016-17ൽ 29,87,604/- രൂപയും, 2017-18ൽ 23,65,000/- രൂപയും ഉൾപ്പെടെ 53,52,604/- രൂപ തിരിച്ചടച്ചിട്ടുണ്ട്. 2018-19, 2019-20 വർഷങ്ങളിൽ തിരിച്ചടവ് ഉണ്ടായിട്ടില്ല. 31.03.2020ൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക 15,27,396/- രൂപയാണ്. വായ്പ തിരച്ചടവിനായി ബാക്കി അടയ്ക്കാനുള്ളതായി 31.03.2020 ലെ ബാലൻസ് ഷീറ്റിലെ B-5 ഷെഡ്യൂളിൽ കാണിച്ചിരിക്കുന്നത് 15,12,396/- രൂപയാണ്. ഇത് വായ്പ തുകയിൽ ചെലവാകാതെ ബാങ്കിൽ നീക്കിയിരുപ്പുള്ള 15,000/- രൂപ കിഴിച്ചുള്ള ( 15,27,396 – 15,000 = 15,12,396/-) തുകയാണ്.

മേൽസാഹചര്യത്തിൽ വായ്പ തുകയിൽ തിരിച്ചടയ്ക്കാനുള്ള 15,27,396/- രൂപ തിരിച്ചടച്ച് വായ്പ ബാദ്ധ്യത ഒഴിവാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 10% ൽ അധികം ടെൻഡർ കുറവ് വരുന്ന മരാമത്ത് പ്രവൃത്തികളിൽ അഡീഷണൽ പെർഫോമൻസ് ഗാരന്റി ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | മലയാറ്റൂർ -നീലീശ്വരം 19-ാം നമ്പർ അംഗൻവാടിക്കു മുകളിൽ നിർമ്മാണം വനിതാ വികസന കേന്ദ്രം |
| പ്രൊ.നമ്പർ | എസ് 081/20 |
| എഗ്രിമെന്റ് നമ്പർ | 10/AE//ABP/2019-20 തീയതി. 30.08.2019 |
| അടങ്കൽ തുക | 10,00,000/- |
| | |

| | |
|---|---|
| PAC | 5,92,233/- |
| കരാർ തുക | 5,28,221/- |
| കോൺട്രാക്ടറുടെ പേര് | ശ്രീ. അലൻ വിൽസൺ – (10.81% ശരാശരി കുറവ്) |
| ആകെ ചെലവ് | 4,24,640/- (ട്രഷറി ബിൽ നം. 36/19-20 29/03/2020 |

അങ്കമാലി ബ്ലോക്ക് പഞ്ചായത്തിൽ 2019-20 -ൽ മലയാറ്റൂർ -നീലീശ്വരം 19-ാം നമ്പർ അംഗൻവാടിക്ക മുകളിൽ നിർമ്മാണം വനിതാ വികസന കേന്ദ്രം എന്ന പ്രൊജക്റ്റിന് വേണ്ടി ഇ-ടെണ്ടർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 3 ടെണ്ടറുകൾ ലഭിക്കുകയും അതിൽ ഏറ്റവും കുറവ് തുക ( 5,28,221/-രൂപ) ടെൻഡർ ചെയ്ത ശ്രീ. അലൻ വിൽസൺ.- ന് 19.08.2018 ലെ 3(5) നമ്പർ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ടെണ്ടർ ഉറപ്പിച്ച് നല്കുകയും ചെയ്തു. ശ്രീ. അലൻ വിൽസൺ 30.08.2019ൽ ബ്ലോക്ക് പഞ്ചായത്തുമായി കരാർ വെച്ച് പ്രവൃത്തി ഏറ്റെടുത്തു.

G.O.(P) No. 429/15/Fin Dtd. 28.09.2015 ,G .0. (P) No.19/2016/Fin Dtd.03/02/2016 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം 10% ന് മുകളിലും, 25% -ന് താഴെയും ആയി കുറവിൽ ടെണ്ടർ ഉറപ്പിക്കുന്ന പ്രവൃത്തികളിൽ 10% -ൻമേലുള്ള വ്യത്യാസം അഡീഷണൽ പെർഫോമൻസ് ഗ്യാരന്റിയായി വാങ്ങേണ്ടതാണ്. ഇവിടെ കരാറുകാരൻ 10.81% ശരാശരി കുറവ് തുകയ്ക്കാണ് ടെണ്ടർ ചെയ്തത് എന്നതിനാൽ 0.81% തുക (10.81 %- 10%) പെർഫോമൻസ് ഗ്യാരന്റിയായി വാങ്ങേണ്ടതായിരുന്നു. ആയത് വാങ്ങിയതായി ഫയലിൽ നിന്ന് വ്യക്തമല്ല. ആയത് ചൂണ്ടിക്കാണിച്ച് നല്കിയ എൻക്വയറിക്ക് ( നം. 16/ തീ.23.7.20) നല്കിയ മറുപടിയിൽ മേൽപ്പറഞ്ഞ പ്രകാരം PAC-യുടെ 0.81% അതായത് 4800/- രൂപ കരാറുകാരനിൽ നിന്ന് ഗ്യരന്റി തുക വാങ്ങേണ്ടതായിരുന്നുവെങ്കിലും, ആയത് ചെയ്തില്ല എന്ന് വ്യക്തമാക്കുന്നു. എന്നാൽ പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് 10% ൽ അധികം ടെണ്ടർ കുറവ് വന്നാൽ അഡീഷണൽ പെർഫോമൻസ് ഗ്യാരന്റി ഈടാക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് . ആയത് പാലിക്കുന്നതിൽ വീഴ്ച ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 ചെറുചാൽ പുഞ്ച എൽ.ഐ സ്കീം- പുനരുദ്ധാരണം- പദ്ധതി പൂർത്തീകരണം വൈകുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ചെറുചാൽ പുഞ്ച എൽ.ഐ സ്കീം- പുനരുദ്ധാരണം മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് |
| പ്രൊജക്റ്റ് നമ്പർ | എസ് 046/18,S0 100/20 |
| എഗ്രിമെന്റ് നമ്പർ | 10/AE/ABP/2019-20 തീയതി. 19.06.2019 |
| അടങ്കൽ തുക | 8,48,000/- |
| കോൺട്രാക്ടറുടെ പേര് | ശ്രീ. പോൾസൺ അഗസ്റ്റിൻ, ഗ്യാലക്സി |
| ആകെ ചെലവ് | 442038/- (ട്രഷറി ബിൽ നം. 43/19-20 30/03/2020<br>100634/- ( ചെക്ക് നമ്പർ. 2289871 22/05/2020)<br>542672/- |

അങ്കമാലി ബ്ലോക്ക് പഞ്ചായത്തിൽ 2019-20 -ൽ "ചെറുചാൽ പുഞ്ച എൽ.ഐ സ്കീം- പുനരുദ്ധാരണം" എന്ന പ്രൊജക്റ്റിന് വേണ്ടി ശ്രീ. പോൾസൺ അഗസ്റ്റിൻ - ന് ടെണ്ടർ നല്കിയിരുന്നു. ശ്രീ. പോൾസൺ അഗസ്റ്റിൻ 19.06.2019ൽ ബ്ലോക്ക് പഞ്ചായത്തുമായി കരാർ വെച്ച് പ്രവൃത്തി ഏറ്റെടുത്തു.

ഈ പ്രവൃത്തിയിൽ മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വരുന്ന ചെറുചാൽ പുഞ്ച എൽ.ഐ സ്കീമിൽ 40 HP-യുടെ മോട്ടോർ സ്ഥാപിക്കലും, അനുബന്ധ ഇലക്ട്രിഫിക്കേഷനും, പമ്പ് ഹൗസിലേക്ക് നിലവിലുള്ള വൈദ്യുതലൈനും, ട്രാൻസ്ഫോർമറും ശേഷി കൂട്ടി പുനസ്ഥാപിക്കലുമായിരുന്നു എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ടിയിരുന്നത്. പ്രവൃത്തിയുടെ ഒന്നാം ഘട്ടമായി 40 HP കിർലോസ്കർ മെയ്ഡ് പമ്പ് സെറ്റ് സ്ഥാപിച്ച് അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ ചെയ്തതിന് കരാറുകാരന് ഫൈനൽ ബിൽ തുകയായി 5,42,672/ രൂപ നല്കിയിട്ടുണ്ട്.

എന്നാൽ പദ്ധതിയുടെ പൂർണ്ണപ്രയോജനം ലഭിക്കണമെങ്കിൽ പദ്ധതിപ്രദേശത്തേക്കുള്ള വൈദ്യുതലൈനിന്റെയും, ട്രാൻസ്ഫോർമറിന്റെയും ശേഷികൂട്ടി പുനസ്ഥാപിക്കണം. ഇതിനായി KSEB നല്കിയ എസ്റ്റിമേറ്റ് പ്രകാരം നിലവിലുള്ള 100 KVA ട്രാൻസ്ഫോർമർ 160 KVA ആക്കുന്നതിനും, രണ്ട് പുതിയ പോസ്റ്റുകൾ സ്ഥാപിക്കുന്നതിനും, 3 Phase ലൈൻ ആക്കുന്നതിനുമായി 4,10,000/- രൂപ KSEB-യിൽ നിക്ഷേപിക്കേണ്ടതുണ്ട്.

2019-20ൽ അംഗീകാരം വാങ്ങിയ പദ്ധതിയിൽ 8,48,000/- രൂപയാണ് അടങ്കൽ. ഇതിൽ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിക്കുവേണ്ടി 5,42,672/- രൂപ ചെലവഴിച്ചു കഴിഞ്ഞു. ഈ അടങ്കലിൽ KSEB-യിൽ നിക്ഷേപിക്കാനുള്ള തുക തികയാത്തതിനാൽ പുതിയ അടങ്കൽ ഉൾപ്പെടുത്തി പദ്ധതി അംഗീകാരം വാങ്ങി മാത്രമേ ഈ തുക KSEB-യിൽ നിക്ഷേപിക്കാനാവൂ.

മോട്ടോർ പമ്പ് സ്ഥാപിച്ച് 6 മാസം കഴിഞ്ഞിട്ടും പദ്ധതിയുടെ രണ്ടാം ഘട്ടം നടക്കാത്തതിനാൽ ആയത് പ്രവർത്തിപ്പിക്കാനാകാതെ നിഷ്ക്രിയമായി ഇരിക്കുന്ന അവസ്ഥയാണ്. ഓരോ പദ്ധതിയുടെയും ഉദ്ദേശ്യലക്ഷ്യങ്ങൾ മുൻകൂട്ടി കാണാതെ, ആവശ്യത്തിന് തുക അടങ്കലിൽ വകയിരുത്താതെ, അംഗീകാരം വാങ്ങി പ്രവൃത്തി നടത്തുന്നതുമൂലമാണ് ഇത് സംഭവിച്ചത്.

മേൽസാഹചര്യത്തിൽ ഈ പദ്ധതിയുടെ പൂർത്തീകരണത്തിനായി പദ്ധതി അടങ്കൽ റിവൈസ് ചെയ്ത് അംഗീകാരം വാങ്ങി KSEB-യിൽ ആവശ്യമായ തുക നിക്ഷേപിച്ച് പമ്പ് ഹൗസ് പ്രവർത്തനക്ഷമമാക്കി റിപ്പോർട്ട് ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

## 1-23 പൊതുകെട്ടിടങ്ങളുടെ നിർമ്മാണം /പൊതു ആസ്തികളുടെ പരിപാലനം - പ്രൊജക്ട് ലക്ഷ്യം കൈവരിക്കുന്നില്ല.

അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് 2016-17 മുതൽ 2019-20 വരെ നടപ്പാക്കിയ പദ്ധതികളിൽ ഉൾപ്പെടുത്തി വികസനഫണ്ടിൽ നിന്ന് 2.36 കോടി രൂപ വിനിയോഗിച്ച് താഴെപ്പറയുന്ന പൊതുകെട്ടിടങ്ങളും, ആസ്തികളും നിർമ്മിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രവൃത്തി നടത്തിയ വർഷം | പ്രൊജക്ടിന്റെ പേര് /പ്രൊജക്ടിന്റെ നമ്പർ | ആകെ ചെലവ് |
|---|---|---|---|
| 1 | 2016-2017 | കാലടി എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് – S088/17 | 939451 |
| 2 | 2016-2017 | കറുകുറ്റി കുടുംബശ്രീ വനിതാ കാന്റീൻ – S107/17 | 423503 |
| 3 | 2016-2017 | തവളപ്പാറ വനിതാ വികസന കേന്ദ്രം – S058/17,S012/18, | 4255629 |
| 4 | 2016-17 | മലയാറ്റൂർ വെസ്റ്റ് കോളനി കമ്മ്യൂണിറ്റി ഹാൾ S068/17, S013/18 | 83548+ 317996 |
| 5 | 2017-18 | കാഞ്ഞൂർ ബഡ്സ് സ്കൂൾ നിർമ്മാണം – S118/18, S25/19 | 850400+ 1692300 |
| 6 | 2017-18 | മലയാറ്റൂർ ഈസ്റ്റ് കോളനി കമ്മ്യൂണിറ്റി ഹാൾ – S097/19 | 545300+ 500000 |
| 7 | 2017-2018 | തവളപ്പാറ സ്കിൽ എക്സലൻസ് സെന്റർ – S050/18,75/19 | 5123482 |
| 8 | 2017-2018 | ആനപ്പാറ സ്വാശ്രയ വിപണന കേന്ദ്രം – S094/18, 76/19 | 500000+ 319047 |
| 9 | 2017-2018 | പവിഴപൊങ്ങ് ജെറിയാട്രിക് സെന്റർ – S099/18, S090/19 | 364548+ 654029 |
| 10 | 2018-2019 | VFPCK- ടോയ്ലറ്റ് കോംപ്ലക്സ് | 577322 |
| 11 | 2018-2019 | വിപണികളിൽ മൂല്യവർദ്ധിത നിർമ്മാണ യൂണിറ്റ് | 567528 |
| 12 | 2018-2019 | പഴം പച്ചക്കറി മാർക്കറ്റ് അടിസ്ഥാനസൗകര്യവികസനം S014/19 | 422448 |
| 13 | 2018-2019 | കാഞ്ഞൂർ ഉറവുങ്കര അങ്കണവാടിയിൽ തൊഴിൽ പരിശീലന കേന്ദ്രം – S046/19 | 306716+ 485470 |
| 14 | 2018-19 | വിവേകാനന്ദ കമ്മ്യൂണിറ്റി ഹാൾ കാലടി – S072/19 | 1408325 |
| 15 | 2018-2019 | മൂക്കന്നൂർ സ്വാശ്രയ വിപണി – S101/19 | 434859 |
| 16 | 2019-2020 | ശങ്കരൻകുഴി ജെറിയാട്രിക് സെന്റർ – S019/20 | 500000 |
| 17 | 2019-2020 | കാഞ്ഞൂർ പാറപ്പുറം VFPCK – S069/20 | 542494 |
| 18 | 2019-2020 | വിപണികളിൽ മൂല്യവ്യദ്ധിത കേന്ദ്രം – S086/20 | 939922 |
| 19 | 2019-2020 | കാലടി പനയാലി ജെറിയാട്രിക് സെന്റർ – S037/20 | 451584 |
| 20 | 2019-2020 | മൂക്കന്നൂർ മൂലേപ്പാറ വനിതാ വികസന കേന്ദ്രം – S080/20 | 447070 |
| | | ആകെ | **2,36,52,971** |

മേൽപ്പറഞ്ഞ പ്രൊജക്ടുകൾ വഴി നിർമ്മിച്ച പൊതുകെട്ടിടങ്ങളിൽ ആനപ്പാറ സ്വാശ്രയ വിപണന കേന്ദ്രം , വിപണികളിൽ മൂല്യവർദ്ധിത നിർമ്മാണ യൂണിറ്റ്, പഴം പച്ചക്കറി മാർക്കറ്റ് അടിസ്ഥാനസൗകര്യവികസനം, മൂക്കന്നൂർ സ്വാശ്രയ വിപണി,വിപണികളിൽ മൂല്യവ്യദ്ധിത കേന്ദ്രം എന്നിവയിൽ കെട്ടിടം സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്തിലും, സമീപ

പഞ്ചായത്തുകളിലുമുള്ള കാർഷികഉത്പന്നങ്ങളുടെ വിപണനത്തിനായി ഉപയോഗിക്കുന്ന എന്നാണ് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (നം. 9/തീ.25.7.20) -ക്ക് ബ്ലോക്ക് പഞ്ചായത്ത് നല്കിയ മറുപടിയിൽ വ്യക്തമാക്കിയിരിക്കുന്നത്.

അതേസമയം തവളപ്പാറ വനിതാ വികസന കേന്ദ്രം, തവളപ്പാറ സ്കിൽ എക്സലൻസ് സെന്റർ, കാഞ്ഞൂർ തുറവുങ്കര അങ്കണവാടിയിൽ തൊഴിൽ പരിശീലന കേന്ദ്രം , മൂക്കന്നൂർ മൂലേപ്പാറ വനിതാ വികസന കേന്ദ്രം എന്നിവിടങ്ങളിൽ പി.എസ്.സി. കോച്ചിംഗ് ക്ലാസ്സുകൾ ഉൾപ്പെടെയുള്ള പരിശീലനപരിപാടികളാണ് നടത്തി വരുന്നത് എന്നും മറുപടിയിൽ വ്യക്തമാക്കുന്നുണ്ട്.

പവിഴപൊങ്ങ് ജെറിയാട്രിക് സെന്റർ, ശങ്കരൻകുഴി ജെറിയാട്രിക് സെന്റർ,കാലടി പനയാലി ജെറിയാട്രിക് സെന്റർ എന്നീ കെട്ടിടങ്ങളുടെ നിർമ്മാണം 2020 മാർച്ചിലാണ് പൂർത്തിയായത് എന്നാണ് ബ്ലോക്ക് പഞ്ചായത്ത് നല്കിയ മറുപടിയിൽ വ്യക്തമാക്കുന്നത്.

ഇത് കൂടാതെ കാലടി എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് , മലയാറ്റൂർ വെസ്റ്റ് കോളനി കമ്മ്യൂണിറ്റി ഹാൾ, മലയാറ്റൂർ ഈസ്റ്റ് കോളനി കമ്മ്യൂണിറ്റി ഹാൾ, വിവേകാനന്ദ കമ്മ്യൂണിറ്റി ഹാൾ കാലടി, VFPCK- ടോയ്ലറ്റ് കോംപ്ലക്സ് എന്നീ പൊതുആസ്തികളുടെ നിർമ്മാണത്തിനും വിവിധ വർഷങ്ങളിലായി തുക ചെലവഴിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിരീക്ഷണങ്ങൾ:</u>

I. പവിഴപൊങ്ങ് ജെറിയാട്രിക് സെന്റർ, ശങ്കരൻകുഴി ജെറിയാട്രിക് സെന്റർ,കാലടി പനയാലി ജെറിയാട്രിക് സെന്റർ എന്നീ 3 വൃദ്ധസദനങ്ങൾ നിർമ്മിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്ന് 19,70,161/- രൂപ കഴിഞ്ഞ 4 വർഷങ്ങളായി നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

2000-01 -ൽ അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെട്ട പീച്ചാനിക്കാട് നിർമ്മിച്ച വൃദ്ധസദനവും, അതിലെ ഫർണ്ണീച്ചറുകളും ഉപയോഗപ്പെടുത്താതെ നിഷ്ക്രിയമായി ഇട്ടതിനെത്തുടർന്ന്, ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ടി കെട്ടിടം സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷൻ എന്ന സ്ഥാപനത്തിന് ഭിന്നശേഷിക്കാരുടെ റിഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിക്കാൻ സർക്കാരിന്റെ പ്രത്യേക അനുമതിയോടെ (ജി.ഒ (ആർടി.) നം.830/2020/ത.സ്വ.ഭ.വ തീയതി.06/05/2020) വിട്ടുകൊടുക്കേണ്ടതായ സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്. ഈയൊരു പശ്ചാത്തലത്തിൽ പുതുതായി നിർമ്മിച്ച വൃദ്ധസദനങ്ങൾ നിഷ്ക്രിയ ആസ്തികളായി മാറാതെ ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

കേരളപഞ്ചായത്ത് രാജ് ആക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ പൊതുവായ ചുമതലകളിലോ, മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിലോ, അനിവാര്യചുമതലകളിലോ വൃദ്ധസദനം നിർമ്മാണമോ, പരിപാലനമോ ഉൾപ്പെടുന്നില്ല. എന്നിരുന്നാലും മേൽപ്പറഞ്ഞ 3 വൃദ്ധസദനങ്ങളും ഇപ്പോൾ നിർമ്മാണം പൂർത്തിയാക്കിയ സാഹചര്യത്തിൽ ആയവ എന്തുദ്ദേശ്യത്തിനാണോ നിർമ്മിച്ചത് ആ ആവശ്യത്തിന് തന്നെ ഉപയോഗിക്കാൻ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി പ്രത്യേകശ്രദ്ധ ചെലുത്തേണ്ടതാണ്.

II. കാർഷികോത്പന്ന വിപണന കേന്ദ്രങ്ങളും, അവയ്ക്ക് അടിസ്ഥാനസൗകര്യവികസനവുമുൾപ്പെടെ കഴിഞ്ഞ നാലുവർഷങ്ങളായി 1.49 കോടി രൂപ അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിന്നുള്ള കാർഷികോത്പന്നങ്ങളുടെ വിപണനസംവിധാനം ഒരുക്കുക, വനിതാശാക്തീകരണത്തിന്റെ ഭാഗമായി വനിത സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുകയും, തൊഴിൽ സംരംഭങ്ങൾക്ക് ആവശ്യമായ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുകയും, മൂല്യവർദ്ധിത കാർഷികോത്പന്നങ്ങളുടെ സംസ്കരണത്തിനും, വിപണനത്തിനും സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യുക എന്നിവയാണ് ഇത്തരം കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. എന്നാൽ ഇപ്പോൾ ചില കേന്ദ്രങ്ങളിൽ പ്രാദേശിക കാർഷികഉത്പന്നങ്ങളുടെ വിപണനവും, രണ്ട് കെട്ടിടങ്ങളിൽ ചിപ്പ്സ് മേക്കിംഗ് യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ ലക്ഷ്യമിട്ട ഉദ്ദേശ്യലക്ഷ്യങ്ങൾ - വനിതാ സ്വയം തൊഴിലധിഷ്ഠിത പരിശീലനങ്ങളും, മൂല്യവർദ്ധിത-കാർഷികോത്പന്ന സംസ്കരണപദ്ധതികളും - ഈ കേന്ദ്രങ്ങളിൽ നടക്കുന്നില്ല എന്നാണ് കാണുന്നത്.

1.49 കോടിയോളം രൂപ ചെലവിട്ട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള വിവിധ സ്ഥലങ്ങളിൽ വനിത വികസന കേന്ദ്രങ്ങൾ നിർമ്മിച്ചും, നിലവിലുള്ള സ്വാശ്രയ വിപണനകേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയും പൊതു ആസ്തികൾ സൃഷ്ടിച്ചിട്ടുള്ളത്, ആയതിന്റെ ലക്ഷ്യങ്ങൾ നിറവേറ്റാതെ നിഷ്ക്രിയമായി അവശേഷിക്കാതെ സൂക്ഷിക്കേണ്ടത് തദ്ദേശസ്വയം ഭരണസ്ഥാപനത്തിന്റെ ചുമതലയാണ്.

ഇതിന്റെ ഭാഗമായി ജി.ഒ (ആർ.ടി.) 166/ 2017/ എൽ.എസ്.ജി.ഡി. തീയതി. 20.01.2017 ഉത്തരവ് പ്രകാരം നിലവിൽ വന്ന അസ്സറ്റ് മാനേജ് മെന്റ് മാന്വൽ അനുസരിച്ച് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ, സെക്രട്ടറി, എൽ.എസ്.ജി.ഡി. എൻജിനീയർ, അക്കൗണ്ടന്റ് എന്നിവർ ഉൾപ്പെട്ട ഒരു അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി (Annual Status Assessment Of Asset Condition) അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും(AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. അസറ്റ് മാന്വലിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള അസറ്റ് രജിസ്റ്ററും പരിപാലിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 പരാമർശങ്ങൾ ഇല്ല.

-

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പരാമർശങ്ങൾ ഇല്ല

-

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-2020 | 17-07-2020 | |

### 4-2 സംയുക്തപ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

തൻവർഷം സംയുക്ത പ്രൊജക്കുകൾക്ക് തുകയൊന്നും ലഭിച്ചില്ല.

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഐ.കെ.എം | ഇൻഫർമേഷൻ കേരള മിഷന് വിഹിതം നല്കൽ പ്രൊ.നം. S008/20 | 115/20.12.2019 | 50209 | 50209 | 0 |
| മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് | കാഞ്ഞൂർ പള്ളിക്കടവ് എൽ.ഐ.എക്സ്റ്റെൻഷൻ-മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ- പ്രൊ.നം. S028/20 | 37/12.07.2019 | 700000 | 0 | 700000 |
| കേരള വാട്ടർ അതോറിറ്റി | കറുകുറ്റി പാണ്ടറ എസ്.സി.കോളനി പൈപ്പ് ലൈൻ എക്സ് റ്റെൻഷൻ പ്രൊ.നം. S0124/20 | 110/19.12.2019 | 500000 | 0 | 500000 |

കേരള വാട്ടർ അതോറിറ്റിയിൽ മുൻവർഷത്തിൽ നിക്ഷേപിച്ച (2018-19) തുകകൾ താഴെപ്പറയുന്നു.

KWA - 84,185/- (പ്രോജക്ട് നം.S085/19)

KWA – 7,000/- (പ്രോജക്ട് നം. S029/19)

ഇപ്രകാരം ആകെ നിക്ഷേപിച്ച 91,185/- രൂപ നാളിതുവരെ ചെലവഴിച്ചിട്ടില്ല.

2019-20 വർഷം കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 5,00,000/- രൂപയും മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിൽ നിക്ഷേപിച്ച 7,00,000/- രൂപയും വാർഷിക ധനകാര്യ പത്രികയിലെ B-18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

**ഇല്ല**

## 4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.
ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ഭവനനിർമ്മാണ വായ്പ | ഇ.ഡി.സി.ബി. അങ്കമാലി ബ്രാഞ്ചിൽ നിന്ന് എടുത്ത വായ്പ | 68,80,000 | 1512396 | 0 | 0 | 1512396 |

IAY ഭവന നിർമ്മാണ വായ്പയിനത്തിൽ EDCB യിൽ നിന്ന് 68,80,000/- രൂപ എടുത്തതിൽ 53,52,604/- രൂപ നാളിതുവരെ തിരിച്ചടച്ചിട്ടുണ്ട്. ഇത് കഴിച്ച് 15,27,396/- രൂപ തിരിച്ചടയ്ക്കാനുണ്ട്. എന്നാൽ 15,000/- രൂപ ലോൺ തുക ചെലവഴിക്കാത്തതിനാൽ ടി തുക EDCB അങ്കമാലി ബ്രാഞ്ചിന്റെ ലോൺ അക്കൗണ്ടിൽ ബാക്കി നിൽപ്പുണ്ട്. ഈ 15,000/- രൂപ കൂടി B-5 ഷെഡ്യൂളിൽ തിരിച്ചടയ്ക്കാനുള്ള ലോൺ തുകയായി ഉൾപ്പെടുത്തേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

**ഇല്ല**

## 4-7 ഓഡിറ്റ് റിക്കവറി

**ഇല്ല**

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ബ്ലോക്ക് പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3.6 | 2005-06 | 2.3.5.1 | ജനകീയ ഭവന പദ്ധതി – അപാകതകൾ | പൂർത്തിയാക്കാത്ത ഭവനങ്ങൾ പൂർത്തിയാക്കാനും, മഞ്ഞപ്ര പഞ്ചായത്തിന്റെ വിജിലൻസ് കേസിന്റെ നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യാനും നിർദ്ദേശിച്ചു |
| 2000-01 | 3.9 | 2005-06 | 2.3.5.2 | പൂർത്തിയാക്കാത്ത പദ്ധതികൾ | ഒരു പ്രവൃത്തി ഒഴികെ ബാക്കിയുള്ളവയിലെ റിക്കവറി പൂർത്തീകരിച്ചു. ഒരു പ്രവൃത്തിയിൽ കുറച്ചു തുക കൂടി ഈടാക്കാനുണ്ട്. |

.

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

**(എ)ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 4,62,70,237 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,34,30,427 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,147 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,43,45,751 |

**(ബി). ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 3,68,700 | ശ്രീ.അജയ് ഏ.ജെ. സെക്രട്ടറി,<br>ബ്ലോക്ക് പഞ്ചായത്ത് അങ്കമാലി |
| 1-15 | 1,39,56,179 | ശ്രീ.അജയ് ഏ.ജെ. സെക്രട്ടറി,<br>ബ്ലോക്ക് പഞ്ചായത്ത് അങ്കമാലി |
| 1-19 | 20,872 | ഡോ.പുഷ്പ വി.വി. മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി കാഞ്ഞൂർ |
| | **1,43,45,751** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-16 | 1147/- |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അജയ് ഏ.ജെ.<br>സെക്രട്ടറി<br>അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് | സെക്രട്ടറി<br>അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് | അച്ചിക്കല്ലേൽ<br>ചിലവ് , തൊടുപുഴ,<br>ഇടുക്കി |
| ഡോ. പുഷ്പ വി.വി.<br>മെഡിക്കൽ ഓഫീസർ<br>സി.എച്ച്. സി. കാലടി | മെഡിക്കൽ ഓഫീസർ<br>സി.എച്ച്. സി. കാലടി | കാളിപ്പറമ്പിൽ<br>മഞ്ഞപ്ര, മഞ്ഞപ്ര പി.ഒ<br>എറണാകുളം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ | റിമാർക്സ് |
|---|---|---|---|

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | |
|---|---|---|---|
| 1999-2000 | കെ.എസ്.എ ഇ.കെ.എം (ബി.പി.) 1697/2019 തീ.04.10.2019 | 1 | |
| 2000-2001 | " | 2 | |
| 2001-2002 | " | 1 | |
| 2003-2004 | " | 3 | |
| 2007-2008 | " | 6 | |
| 2008-2009 | " | 1 | |
| 2009-2010 | " | 1 | |
| 2012-2013 | " | 1 | |
| 2016-2017 | കെ.എസ്.എ ഇ.കെ.എം (ബി.പി.) 1165/2019 തീ.30.09.2019 | 3 | |
| 2017-2018 | കെ.എസ്.എ ഇ.കെ.എം (ബി.പി.) 288/2019 തീ.11.07.2019 | 8 | |
| 2018-2019 | കെ.എസ്.എ ഇ.കെ.എം (ബി.പി.) 1587/2019 തീ.15.11.2019 | 7 | |

**ജോയിന്റ് ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ല

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# <u>അനുബന്ധം-1</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ **അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020** വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ **അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020** ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ജോയിന്റ് ഡയറക്ടർ,**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>2019-2020 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.</u>

1. 460 509 901- Advances to Others- എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 27,000/- രൂപ അഡ്വാൻസ് നല്കിയത് തിരികെ കിട്ടാനുള്ളതായി 31.03.2020ലെ ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂളിൽ കാണിച്ചിട്ടുണ്ട്. ഇത് 04/2017ൽ സാക്ഷരതാ പ്രേരക് മാർക്ക് ഓണറേറിയം മുൻകൂറായി തനത് ഫണ്ടിൽ നിന്ന് നല്കിയതാണ്. പിന്നീട് ജില്ലാ സാക്ഷരതാ മിഷനിൽ നിന്ന് ഈ തുകയുൾപ്പെടെയുള്ള ചെലവ് തുക 70,169/- രൂപ 05/2018ൽ ലഭിച്ചിരുന്നു. എന്നാൽ അഡ്വാൻസ് നല്കിയ 27,000/- രൂപയുൾപ്പെടെ മുഴുവൻ തുകയും 151 100 199- Receipt from Transferred Institutions- എന്ന വരവ് ഹെഡിലാണ് രേഖപ്പെടുത്തിയത്. ആയതിനാൽ മുൻകൂർ നല്കിയ 27,000/- രൂപ മുൻകൂർ തിരികെ കിട്ടാനുള്ളതായി ആണ് 2019-20 വാർഷികധനകാര്യപ്പത്രികയിൽ കാണുന്നത്. ഈ അപാകത പരിഹരിക്കേണ്ടതാണ്.

2. കാഞ്ഞൂർ പള്ളിക്കടവ് എൽ.ഐ. മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ എന്ന പ്രൊജക്ടിന് വേണ്ടി 7,00,000/- മൈനർ ഇറിഗേഷൻ വകുപ്പിനും, കറുകുറ്റി പാണ്ടറ എസ്.സി.കോളനി പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ എന്ന പ്രൊജക്ടിന് വേണ്ടി 5,00,000/- രൂപ കേരള വാട്ടർ അതോറിറ്റിക്കും ഡെപ്പോസിറ്റ് ചെയ്തത് വാർഷികധനകാര്യപ്പത്രികയിലെ B-18 ഷെഡ്യൂളിൽ Advance to Implementing Agencies – എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ വന്നിട്ടില്ല.

3. ബ്ലോക്ക് പഞ്ചായത്തിന്റെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ Directly credited by Bank എന്ന ഇനത്തിൽ 25-10-2016-ൽ 3889/- രൂപ അക്കൗണ്ടിൽ കുറവ് ചെയ്തിട്ടുള്ളതായി കാണുന്നു. ട്രഷറി രണ്ട് പ്രാവശ്യം തെറ്റായി തുക കുറവ് ചെയ്തത് മൂലമാണ് ഈ വ്യത്യാസം വന്നിട്ടുള്ളത്. ഇത് റീകൺസൈൽ ചെയ്ത് ക്രമീകരിക്കേണ്ടതാണ്.

4. ബ്ലോക്ക് പഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഭരണച്ചെലവുകൾക്ക് വേണ്ടി ചെലവഴിച്ച തുകയുടെ വരവ് -ചെലവ് കണക്കുകൾ വാർഷികധനകാര്യപ്പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. 31/3/2019 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2020 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income and expenditure account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

6. 2018-19 ഓഡിറ്റ് സർട്ടിഫിക്കറ്റിലെ ക്രമ നം.1 – അപാകത പരിഹരിക്കാത്തതിനാൽ തിരിച്ചടയ്ക്കാനുള്ള ലോൺ തുകയിൽ 15,000/- രൂപ കുറവായാണ് B-5 ഷെഡ്യൂളിൽ തൻവർഷവും രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് ക്രമീകരിക്കേണ്ടതാണ്.

**ജോയിന്റ് ഡയറക്ടർ**